(ഡി) രാവിലെ 5.30 മണിമുതൽ 11.30 വരെയും വൈകിട്ട് 5 മണിമുതൽ 8 മണിവരെയുമാണ്.

(ഇ) ക്ഷേത്രങ്ങളിലെ പൂജാ, നിവേദ്യം തുടങ്ങിയവയിലെ പതിവ് ആചാരക്രമം എന്നിവ അനുസരിച്ച് ശാന്തിക്കാർ ജോലി ചെയ്യാൻ ബാദ്ധ്യസ്ഥരാണ്.

(എഫ്) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ശമ്പള സ്കെയിൽ ലഭിക്കുന്ന മുറയ്ക്ക് ക്ലാസ് 4 വിഭാഗത്തിന്റെ അലവൻസ്, സർവ്വീസ് ദൈർഘ്യ ഗ്രേഡ് എന്നിവ നൽകിവരുന്നു. കൂടാതെ ക്ലാസ് 3 വിഭാഗമായ എൽ. ഡി. സി/II ഗ്രേഡ് സബ് ഗ്രൂപ്പാഫീസർ തസ്തികയുടെ ഒരു നിശ്ചിത ശതമാനം ഒഴിവുകൾ ശാന്തിക്കാർ ഉൾപ്പെടെയുള്ള ക്ഷേത്ര ജീവനക്കാർക്ക് പ്രമോഷൻ വഴി നൽകുന്നതിനായി നീക്കിവച്ചിട്ടുമുണ്ട്. കൊച്ചി ദേവസ്വം ബോർഡിന്റെ വിവരം ശേഖരിച്ചുവരുന്നു.

മലബാർ ദേവസ്വം നിയമത്തെ സംബന്ധിച്ചുള്ള സർക്കാർ നിലപാട്

97 [1994] ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മലബാർ ദേവസ്വം നിയമത്തെ സംബന്ധിച്ചുള്ള സർക്കാർ നിലപാട് വ്യക്തമാക്കാമോ ?

ഉത്തരം

മലബാർ ദേവസ്വം ബോർഡ് രൂപീകരിക്കുന്നതിനായി 3-12-2001-ൽ സർക്കാർ മലബാർ ഹിന്ദു റിലീജിയസ് ആൻഡ് ചാരിറ്റബിൾ എൻഡോവ്മെന്റ് ആൻഡ് ഇൻസ്റ്റിറ്റ്യൂഷൻസ് ബിൽ 2001 നിയമസഭയിൽ അവതരിപ്പിച്ചു. നിയമസഭ ഈ ബിൽ സെലക്ട് കമ്മിറ്റിയ്ക്ക് വിട്ടിരിക്കുകയാണ്. മലബാർ ദേവസ്വം ബോർഡ് രൂപീകരിക്കണമെന്നത് സർക്കാർ തത്വത്തിൽ അംഗീകരിച്ചു കഴിഞ്ഞ കാര്യമാണ് സെലക്ട് കമ്മിറ്റിയുടെ തെളിവെടുപ്പ് പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിച്ചശേഷം നിയമസഭയുടെ നിർദ്ദേശാനുസരണം അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

ത്രിവിക്രമംഗലം മഹാവിഷ്ണു ക്ഷേത്രത്തിൽ തകിലും നാദസ്വരവും അനുവദിക്കുന്നതിന് നടപടി

98 [1995] ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള തിരുവനന്തപുരം ഗ്രൂപ്പിൽപ്പെട്ട ത്രിവിക്രമംഗലം മഹാവിഷ്ണു ക്ഷേത്രത്തിൽ തകിലും നാദസ്വരവും അനുവദിക്കുന്നത് സംബന്ധിച്ച് ക്ഷേത്രോപദേശക സമിതിയുടെ നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വിശദീകരിക്കുമോ ;

(സി) പ്രസ്തുത ക്ഷേത്രത്തിൽ കോടതിയുടെ പ്രത്യേക അനുമതിയോടെ തകിലും നാദസ്വരത്തിനും ജീവനക്കാരെ നിയമിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly